വാനും കൂടാതെ എല്ലാ ജില്ലകളിലും ട്രാഫിക് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുമുള്ള നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

79 (705) ഭക്ഷ്യസാധനങ്ങൾ സൂക്ഷിക്കാൻ സൗകര്യം

ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. വി.കെ. ചന്ദ്രൻ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-വിനോദസഞ്ചാര-നിയമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഭക്ഷ്യസാധനങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള മതിയായ സൗകര്യം ഇന്ന് നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കൾ ഇപ്പോൾ എഫ്.സി.ഐ.യുടെ ഗോഡൗണുകൾക്ക് പുറത്ത് സൂക്ഷിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എത്രത്തോളം ഭക്ഷ്യവസ്തുക്കൾ സൂക്ഷിക്കുവാനുള്ള സൗകര്യം ഇപ്പോൾ സംസ്ഥാനത്ത് ഉണ്ട്; എത്രത്തോളം ഭക്ഷ്യവസ്തുക്കൾ പുറത്ത് സൂക്ഷിക്കുന്നു എന്നിവ സംബന്ധിച്ചുള്ള വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മതിയായ ഗോഡൗൺ സൗകര്യം ലഭ്യമാക്കിക്കിട്ടുന്നതിന് സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത്, ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ, കേരളാ സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയുടെ ഗോഡൗണുകളിലായി മൊത്തം 933946 ലക്ഷം മെ.ടൺ ഭക്ഷ്യ ധാന്യങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിനുള്ള സൗകര്യം നിലവിലുണ്ട്.

(ബി) ഈ വർഷത്തെ ഗോതമ്പ് വിളവെടുപ്പ് ഉയർന്ന സാഹചര്യത്തിൽ കൂടുതലായി സ്റ്റോക്ക് വരുമ്പോൾ സംഭരണശേഷി കുറവായ ചില ഗോഡൗണുകളിൽ ഗോതമ്പ് പോളിത്തീൻ ഷീറ്റുകൾ കൊണ്ട് മൂടി പുറത്ത് സൂക്ഷിക്കേണ്ടതായി വന്നിട്ടുണ്ട്.

(സി) 933946 ലക്ഷം മെ.ടൺ ഭക്ഷ്യധാന്യങ്ങൾ സംഭരിക്കുന്നതിനുള്ള സൗകര്യം സംസ്ഥാനത്തുള്ളതിനാൽ വളരെ തുച്ഛമായ അളവിൽ മാത്രമാണ് ഗോതമ്പ് പുറത്ത് സൂക്ഷിക്കുന്നത്. ഇവ ആവശ്യാനുസരണം എത്രയും പെട്ടെന്ന് മാറ്റിക്കൊണ്ടിരിക്കുന്നതിനാൽ അവയുടെ അളവ് തിട്ടപ്പെടുത്തുവാൻ കഴിയില്ല.

(ഡി) സംസ്ഥാനത്ത് പല സ്ഥലങ്ങളിലായി എഫ്.സി.ഐ., സിവിൽ സപ്ലൈസ് കോർപ്പറേഷൻ, സെൻട്രൽ വെയർ ഹൗസിംഗ് കോർപ്പറേഷൻ എന്നിവ ഗോഡൗണുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly